പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2414 **27-10-2026-ൽ മറുപടിയ്ക്ക്**

പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ സർക്കാർ നടപടി

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. തോമസ് ഉണ്ണിയാടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ ഈ സർക്കാർ സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്ത് പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കാൻ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു:

- സർക്കാർ / പൊതുസ്ഥാപനങ്ങളിൽ സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.
- ഗാർഹിക സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' നടപ്പിലാക്കുന്നു.
- കേന്ദ്ര സംസ്ഥാന സബ്സിഡിയോടുകൂടി സൗജന്യമായി 1700 ലൈഫ് മിഷൻ /പുനർഗേഹം/ BPL വീടുകളിൽ 2 kW/3 kW വീതം ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി. ഒരു ലക്ഷം വീടുകളിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുന്നതിന് ലക്ഷ്യമിടുന്നു.
- സ്മാർട്ട് സിറ്റിയുമായി സഹകരിച്ചുകൊണ്ട് തിരുവനന്തപുരം കോർപ്പറേഷനിലെ 514 സർക്കാർ കെട്ടിടങ്ങളിലായി ആകെ 17 MW ശേഷിയുള്ള സൗരോർജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു.
- പട്ടികവർഗ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ താമസിക്കുന്ന ഹോസ്റ്റലുകളിൽ സോളാർ ഹൈബ്രിഡ് / ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവർത്തിയായി നടപ്പിലാക്കി.
- പാലക്കാട്, വയനാട് എന്നീ ജില്ലകളിലെ 5 വിദൂര ആദിവാസി കോളനികളിൽ വിൻഡ് സോളാർ ഹൈബ്രിഡ് / ഓഫ്ഗ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി.
- PM JANMAN പദ്ധതിൽ ഉൾപ്പെടുത്തി, പാലക്കാട് ജില്ലയിലെ തേക്കടി അല്ലിമൂപ്പൻ, തേക്കടി അല്ലിമൂപ്പൻ അക്കരെ, കുരിയാർകുട്ടി, മലപ്പുറം ജില്ലയിലെ മാഞ്ചിരി എന്നീ 4 ആദിവാസി ഉന്നതികളിലെ 98 PVTG (Particularly Valnerable Tribal Group) കുടുംബങ്ങൾക്ക് Off-Grid മോഡൽ സൗരോർജ്ജ വൈദ്യുതീകരണം നടത്തുന്നതിനായിയുള്ള പ്രവർത്തികൾ പുരോഗമിച്ചു വരുന്നു. ഇതിൽ 88 വീടുകളുടെ വൈദ്യുതീകരണ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തികരിച്ചു.

കേന്ദ്ര ഗവർമെന്റിന്റെ നവ-പുനരുപയോഗ മന്ത്രാലയത്തിൽ നിന്നും പുരപ്പുറ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന ഗാർഹിക ഉപഭോക്താക്കൾക്ക് 1 kW ന 30000 രൂപ, 2 kW ന 60000, 3 kW ന 78000

രൂപ എന്ന നിരക്കിൽ സബ്സിഡി അനുവദിക്കുന്നു. നിലവിൽ പ്രാബല്യത്തിലുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മിഷൻ-ന്റെ RE ചട്ടങ്ങൾ പ്രകാരം സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉത്പാദിപ്പിച്ചു ആവശ്യത്തിന് ശേഷം ബാങ്ക് ചെയ്യുന്ന വൈദ്യുതി, യൂണിറ്റിന് റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ ഉപഭോക്താവിന് തിരികെ നൽകുന്നു. നെറ്റ് മീറ്ററിംഗ് സംവിധാനത്തിൽ സൗരോർജ്ജ പ്ലാന്റിൽ നിന്നും കെ.എസ്.ഇ.ബി. ഗ്രിഡിലേക്കു കൊടുക്കുന്ന വൈദ്യുതി, വൈദ്യുതിക്ക് വില കൂടിയപീക്ക് സമയങ്ങളിൽ ഉപഭോക്താവിന് തിരികെ ഉപയോഗിക്കാൻ കഴിയുന്നു. കൂടാതെ സൗരോർജ്ജ പ്ലാന്റിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി സ്വന്തം ഉടമസ്ഥതയിലുള്ള മറ്റു കെട്ടിടങ്ങളിലേക്കു വീൽ ചെയ്തു ഉപയോഗിക്കുവാൻ കഴിയുന്നു.

(ബി) പുരപ്പുറ സോളാർ പദ്ധതിക്ക് നൽകുന്നതുപോലെ വ്യവസായ സംരംഭകർക്കും സബ്സിഡിയോടുകൂടി സോളാർ പദ്ധതി നടപ്പാക്കാൻ നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ?

<u>മറുപടി:</u> നിലവിൽ വ്യവസായ സംരംഭകർക്ക് സബ്സിഡിയോടുകൂടി സൗരോർജ്ജ പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രത്യേക പദ്ധതികളൊന്നും നടപ്പിലാക്കി വരുന്നില്ല.

സെക്ഷൻ ഓഫീസർ